II ഇ.ബി.XIV-കേരള നിയമസഭ/X-12

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 15, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

33 (*331) നിർമ്മാണ വസ്തുക്കളുടെ അഭാവംമൂലമുള്ള പ്രതിസന്ധി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, കെട്ടിട, റോഡ് നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും കരിങ്കല്ലിനും കരിങ്കൽ ഉൽപ്പന്നങ്ങൾക്കും ക്ഷാമവും വില വർദ്ധനവും ഉണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിയമപരമായി പ്രവർത്തിക്കുന്ന ചെറുകിട ക്വാറികൾക്ക് പാരിസ്ഥിതികാനുമതി സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ട്. ഖനനം പൊതുമേഖലയിലേയ്ക്ക് കൂടി കൊണ്ടുവരണമെന്നതാണ് സർക്കാരിന്റെ നയം. എൽ.എ. പട്ടയങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ റവന്യൂ-നിയമ വകുപ്പുകളുമായി ചർച്ച നടത്തുകയും നിയമവിധേയമായി കൃഷിയിടങ്ങളിൽ നിന്ന് പാറ ഖനനം നടത്താൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചു വരികയുമാണ്. ക്രഷറുകളുടെ സമീപ പ്രദേശങ്ങളിലെ വീട് നിർമ്മാണത്തിന് 25 ശതമാനം വിലക്കുറവിൽ സാമഗ്രികൾ ലഭ്യമാക്കാൻ ഉടമകൾ തയ്യാറാണ്. അളവിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി എറണാകുളത്തും തിരുവനന്തപുരത്തും ആരംഭിച്ച ജി-പാസ് സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മണൽക്ഷാമം നേരിടുന്നതിനായി കൃത്രിമ മണൽ ഉൽപ്പാദിപ്പിക്കുന്നതിനോടൊപ്പം തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി നീക്കം ചെയ്ത് നിർമ്മാണ മേഖലയ്ക്ക് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയത് പുഴമണൽ ശേഖരിക്കുന്നതിന് പ്രയാസമുണ്ടാക്കിയിട്ടുണ്ടെന്നും നിയമവിധേയമായി മണലെടുക്കാൻ സാധിക്കുന്ന നദികളിൽ സാന്റ് ഓഡിറ്റ് നടത്താനും ലഭ്യമായ അളവിൽ മണലെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും മന്ത്രി അറിയിച്ചു. സിമന്റ് വില നിയന്ത്രിക്കുന്നതിനായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉൽപ്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിക്കുകയും വില കുറച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കളിമണ്ണ് ഖനനത്തിന് ജില്ലാകളക്ടറിൽനിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കി കെ.എം.എം.സി. ചട്ടം ഭേദഗതി ചെയ്യുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുമുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനത്തിനുള്ള മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പഞ്ചായത്തുകൾ നൽകുന്ന ഡി & ഒ. (Dangerous and Offensive Trade) ലൈസൻസുകളുടെ കാലാവധി 5 വർഷമാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ഇടുക്കി ജില്ലയിൽ പാരിസ്ഥിതിക പഠനം നടത്തി ഖനനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സർക്കാരിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മണ്ണ് ലഭ്യമാക്കുമ്പോൾ റോയൽറ്റി ഈടാക്കേണ്ടതില്ലെന്ന നിർദ്ദേശം പരിഗണനയിലാണെന്നും വർക്കുകളുടെ പ്രാധാന്യം കണക്കിലെടുത്ത് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പെർമിറ്റ് നൽകുന്നതാണെന്നും നിർമ്മാണ സാമഗ്രികളുടെ അഭാവത്തിൽ ബദൽ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും ഉപയോഗശൂന്യമായ

ക്വാറികളുടെ അതിർത്തി സംരക്ഷണം ഉറപ്പുവരുത്തുന്നതാണെന്നും സംസ്ഥാനത്ത് പുതിയ കെട്ടിടനിർമ്മാണ കോഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

34 (*332) ഓഡിറ്റ് കമ്മീഷൻ രൂപീകരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചുവരികയാണെന്നും ധനകാര്യ വകുപ്പ് ഇതുസംബന്ധിച്ച് സാധ്യതാപഠനം നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ലെന്നും സഭയെ അറിയിച്ചു. സെൻ കമ്മിറ്റിയും ഭരണപരിഷ്കാര കമ്മീഷനും സ്വതന്ത്ര ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. സമാഹൃത റിപ്പോർട്ട് സമർപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം കുറഞ്ഞുവരുന്നുണ്ടെന്നും കമ്മീഷൻ നിലവിൽ വരുമ്പോൾ ലോക്കൽ ഓഡിറ്റ് സംവിധാനം ദുർബ്ബലപ്പെടില്ലെന്നും മറ്റൊരു സംസ്ഥാനത്തും സമാന രീതിയിലുള്ള കമ്മീഷനുകൾ പ്രവർത്തിക്കുന്നില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

35 (*333) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പരമ്പരാഗത വ്യവസായ മേഖലയെ പ്രതിസന്ധികളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും വ്യവസായവത്ക്കരണത്തിന്റെ ആരംഭം മുതൽ ഇവ പ്രതിസന്ധികൾ നേരിടുന്നുണ്ടെന്നും യന്ത്രസാമഗ്രികളോടും ഉയർന്ന മൂലധന നിക്ഷേപങ്ങളോടും മത്സരിക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളതെന്നും സഭയെ അറിയിച്ചു. കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങളും അധിക വേതനവും ലഭ്യമാക്കുന്നതിനും ആധുനികവൽക്കരണത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകുകയും വസ്ത്രങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപ്പന്നങ്ങളുടെ മൂല്യത്തിന്റെ 20% ഇൻസെന്റീവായി അനുവദിക്കുകയും പ്രാദേശിക കൈത്തറി മേളകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഉല്പന്നങ്ങളുടെ ഡിസൈനുകൾ രൂപകല്പന ചെയ്യുന്നതിനും വിപുലീകരണത്തിനുമായി ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ കീഴിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഏഴാം ക്ലാസ് വരെയുള്ള

കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനായി 28 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും ഏപ്രിൽ മാസത്തിൽ അതിന്റെ വിതരണം ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ക്ലസ്റ്റർ മാതൃകാ വികസനം, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിപണന സമ്പ്രദായങ്ങൾ ആർജ്ജിക്കൽ, മികച്ച പണിയായുധങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ വിപണനത്തിനായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ എന്നിവ ആസൂത്രണം ചെയ്തു വരുന്നുണ്ട്. മുള അനുബന്ധ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനും, ബാംബൂ മിഷനും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കോളനികൾ കേന്ദ്രീകരിച്ച് മാറ്റ് വീവിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അത് വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിക്കുന്നതിനുള്ള

നടപടികൾ ആരംഭിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും 25 ശതമാനം റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുകയും ചെയ്തിട്ടുണ്ട്. കാലപ്പഴക്കം ചെന്ന ചർക്ക, തറി എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും തൊഴിലാളികൾക്ക് ഖാദി നെയ്ത്തിൽ പരിശീലനം, ഗോഡൗണുകൾ സ്ഥാപിക്കൽ, വില്പനശാലകളുടെ കംപ്യൂട്ടർവൽക്കരണം, നവീകരണം എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. കശുവണ്ടി മേഖലയിലെ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനത്തിലൂടെ സംഭരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡി.എഫ്.മില്ലുകൾ സ്ഥാപിക്കുകയും തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം നടത്തി ഈ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ബീഡി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി ബീഡിയുല്പാദന സഹകരണ സംഘങ്ങൾക്ക് വിവിധ ധനസഹായങ്ങൾ നൽകിവരുന്നുണ്ടെന്നും ഈ മേഖലയിലെ തൊഴിലാളികൾക്ക് ദിനേശ് ബീഡി ആശ്വാസ് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മൺപാത്ര നിർമ്മാണ മേഖലയിലെ കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും ടെക്സ്റ്റൈൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

36 (*334) സഹകരണ നയം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, സഹകരണ നയത്തിന്റെ കരട് എട്ടാമത് സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ചെങ്കിലും അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നും ആയത് സർക്കാരിന്റെ പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. സഹകരണ സംഘങ്ങൾ വഴി പ്രാദേശിക സാമ്പത്തിക വികസനവും സമൂഹത്തിന്റെ സമഗ്ര പുരോഗതിയും ലക്ഷ്യമാക്കുന്നു. കാർഷിക-കാർഷികാനുബന്ധ വായ്പകൾ ഘട്ടംഘട്ടമായി 50 ശതമാനമാക്കുന്നതിനും പ്രാദേശിക ധനം സമ്പാദിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ദുർബ്ബല വിഭാഗങ്ങളുടെ തൊഴിൽ നൈപുണ്യ നിലവാരം ഉയർത്തുന്നതിനും പ്രത്യേക പരിഗണന നൽകുന്ന ചർച്ചകൾ സഹകരണ കോൺഗ്രസ്സിൽ നടന്നു. 14 ജില്ലാ ബാങ്കുകളേയും സംസ്ഥാന ബാങ്കിനെയും

സംയോജിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സഹകരണ മേഖലയിലെ ജീവനക്കാരുടെയും ബാങ്ക് ജീവനക്കാരുടേയും സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതാണ്. പ്രവർത്തനക്ഷമമല്ലാത്ത വനിതാ സംഘങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം യഥാക്രമം 3 കോടി രൂപയും 15 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്നും പ്രൈമറി സൊസൈറ്റികളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക നൽകുന്നുണ്ടെന്നും ജില്ലാ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ജില്ലാ ബാങ്കുകളുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ കേരള ബാങ്ക് രൂപീകരണത്തോടെ സംസ്ഥാന ബാങ്കിന്റെ ഭാഗമാകുമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3442 മുതൽ 3703 വരെയുള്ള ചോദ്യങ്ങളിൽ 116 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)